2023
DECEMBER
05
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ബിറ്റ്കോയിൻ കരകയറുന്നു

**കൊച്ചി:** ലോകത്ത് ഏറ്റവും സ്വീകാര്യതയുള്ള ക്രിപ്റ്റോ കറൻസിയായ ബിറ്റ്കോയിൻറെ മൂല്യം 19 മാസത്തെ ഇടവേളയ്ക്ക് ശേഷം വീണ്ടും 40,000 ഡോളർ കടന്നു (ഏകദേശം 33.3 ലക്ഷം രൂപ). പലിശ നിരക്ക് കുറയ്ക്കുമെന്ന പ്രതീക്ഷയിലും എക്സ്ചേഞ്ച്ട്രേഡ് ഫണ്ടുകളിൽ നിന്നുള്ള ഉയർന്ന ഡിമാൻഡിലുമാണ് ബിറ്റ്കോയിൻറെ മൂല്യം ഉയർന്നത്. ബിറ്റ്കോയിൻറെ നിലവിലെ മൂല്യം 41,557 ഡോളറാണ്.

ടെറ യുഎസ്ഡി സ്റ്റേബിൾ കോയിൻ തകർച്ചയ്ക്ക് മുമ്പാണ് ബിറ്റ്കോയിൻ അവസാനമായി 40,000 ഡോളറിലെത്തിയിരുന്നത്. ക്രിപ്റ്റോ ആയിരുന്ന ടെറ യുഎസ്ഡി 2022 മേയിൽ വൻകിട നിക്ഷേപകർ കൂട്ടമായി വിൽക്കാൻ തുടങ്ങിയതോടെ ഇതിൻറെ മൂല്യം നഷ്ടപ്പെട്ടു. തുടർന്ന് ടെറയുടെ മറ്റൊരു ക്രിപ്റ്റോയായ ലൂണ കോയിൻസ് വിപണിയിലിറങ്ങി. എന്നാൽ അതും തകർന്നു.

ടെറ യുഎസ്ഡിയും ലൂണയും തകർന്നതോടെ ബിറ്റ്കോയിനും ക്ഷീണമുണ്ടാകുകയും ഇടിവ് നേരിടുകയും ചെയ്തിരുന്നു. ഈ ഇടിവിന് ശേഷം ഇപ്പോഴാണ് ബിറ്റ്കോയിൻറെ മൂല്യം ഇത്രയും ഉയർന്നിരിക്കുന്നത്. ഇഥേറിയം ബ്ലോക്ക്ചെയിൻ നെറ്റ്വർക്കുമായി ബന്ധിപ്പിച്ചിരിക്കുന്ന ക്രിപ്റ്റോ നാണയമായ ഈഥർ 3.10% ഉയർന്ന് 2,158.83 ഡോളറായി.

# മിചൗങ് ചുഴലിക്കാറ്റ്: ചെന്നൈയിൽ വെള്ളപ്പൊക്കം, 5 പേർ മരിച്ചു

**ചെന്നൈ:** ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട മിചൗങ് ചുഴലിക്കാറ്റ് തീരത്തേക്കു നീങ്ങുന്നതിനിടെ പെയ്ത കനത്ത മഴയിൽ ചെന്നൈയും തമിഴ്നാടിൻറെ തീരദേശ ജില്ലകളും ദുരിതത്തിൽ. വ്യത്യസ്ത അപകടങ്ങളിൽ അഞ്ചു പേർ മരിച്ചു. ചെന്നൈയിൽ വിമാന, ട്രെയ്ൻ, റോഡ് ഗതാഗതം സ്തംഭിച്ചു. നഗരത്തിലെ താഴ്ന്ന പ്രദേശങ്ങളെല്ലാം വെള്ളക്കെട്ടിലാണ്. 2015ലെ പ്രളയത്തെ ഓർമിപ്പിക്കുന്ന ദുരിതത്തിലാണു ചെന്നൈ. പെരുങ്കുളത്തൂരിൽ വെള്ളക്കെട്ടിലൂടെ മുതല നീന്തുന്ന ദൃശ്യങ്ങൾ പുറത്തുവന്നത് നഗരവാസികളെ കൂടുതൽ പരിഭ്രാന്തിയിലാക്കി. നിരവധി വാഹനങ്ങൾ വെള്ളത്തിൽ മുങ്ങി. കാറുകൾ ഒഴുകിപ്പോയി.



ഇന്നലെ പുലർച്ചെ മൂന്നിന് കാറ്റിൻറെ അകമ്പടിയോടെയെത്തിയ മഴ ഇപ്പോഴും തുടരുകയാണ്. ഇന്നു രാവിലെ ചുഴലിക്കാറ്റ് കരതൊടുമെന്നിരിക്കെ തമിഴ്നാട്, ആന്ധ്ര. ഒഡീഷ തീരങ്ങളിൽ കനത്ത ജാഗ്രത. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിനുമായി ഫോണിൽ സംസാരിച്ച് തയാറെടുപ്പുകൾ വിലയിരുത്തി. ചെന്നൈയിലും സമീപ ജില്ലകളിലും ഇന്നുകൂടി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകി. നഗരത്തിലെ ഓഫിസുകളിലുള്ളവർക്ക് വീട്ടിലിരുന്ന് ഓൺലൈനിൽ ജോലി ചെയ്യാൻ നിർദേശം നൽകി. എന്നാൽ, നിരവധിയിടങ്ങളിൽ വൈദ്യുതി നിലച്ചിരിക്കുകയാണ്.

ഇന്നു രാവിലെ ചുഴലിക്കാറ്റ് ആന്ധ്ര തീരം കടക്കുമെന്നാണു കരുതുന്നത്. ഇന്നലെ രാത്രിയും കനത്ത കാറ്റും മഴയും തുടരുകയാണ്. വെള്ളംകയറിയതിനെത്തുടർന്നു ചെന്നൈ വിമാനത്താവളം അടച്ചു. ഇവിടെ നിന്നുള്ള 70ലേറെ സർവീസുകൾ റദ്ദാക്കി. ചെന്നൈയിൽ നിന്നും തിരിച്ചുമുള്ള ട്രെയ്നുകൾ കോയമ്പത്തൂരിലും മൈസൂരിലുമായി യാത്ര അവസാനിപ്പിച്ചു. നഗരത്തിലെ 14 സബ്വേകൾ അടച്ചു. നിരവധിയിടങ്ങളിൽ മരം കടപുഴകി റോഡ് തടസപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ 24 മണിക്കൂറിൽ പെരുങ്കുടിയിൽ 29 സെൻറിമീറ്ററും ആവടിയിൽ 28 സെൻറിമീറ്ററും മഴ പെയ്തു. ദേശീയ ദുരന്ത നിവാരണ സേനയുടെ പത്തു സംഘങ്ങളെ രക്ഷാപ്രവർത്തനത്തിനു നിയോഗിച്ചിട്ടുണ്ട്. പൊലീസും അഗ്നിശമന സേനാ വിഭാഗവും വൈദ്യുതി ബോർഡും അടിയന്തര പ്രവർത്തനങ്ങളിൽ സജീവമെന്ന് സർക്കാർ അറിയിച്ചു.

# കേരളത്തിനുള്ള വായ്പാ പരിധിയിൽ ഇളവില്ലെന്ന് കേന്ദ്രം

## എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ മാനദണ്ഡമെന്ന് ധനമന്ത്രി

**ന്യൂഡൽഹി:** സംസ്ഥാനത്തിനുള്ള വായ്പാ പരിധി ഉയർത്തണമെന്ന ആവശ്യത്തിൽ കേരളത്തിനു മാത്രമായി ഇളവു നൽകാനാവില്ലെന്ന് കേന്ദ്ര സർക്കാർ. ലോക്സഭയിൽ എൻ.കെ. പ്രേമചന്ദ്രൻ എംപിയുടെ ചോദ്യത്തിനാണ് ഈ മറുപടി ലഭിച്ചത്. നിലവിൽ 47,762 കോടി രൂപയാണ് കേരളത്തിനുള്ള വായ്പാ പരിധിയായി കേന്ദ്രം നിശ്ചയിച്ചിരിക്കുന്നത്. കേരള സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങളുടെ വായ്പാ പരിധിയിൽ ഇളവ് അനുവദിക്കുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കുമോ എന്നതായിരുന്നു എൻ.കെ.പ്രേമചന്ദ്രൻ എംപിയുടെ ചോദ്യം.

വായ്പാ പരിധിയിൽ ഇളവ് അനുവദിക്കുന്നതിന് കേരള സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ, കേരള സർക്കാരിന്റെ നിലവിലെ വായ്പാ പരിധി എത്ര, അതനുസരിച്ച് ഇതുവരെ



വായ്പയെടുത്ത തുകയെത്ര, ഈ പ്രതിസന്ധി നേരിടാൻ മറ്റു മാർഗങ്ങൾ ആലോചിക്കുന്നുണ്ടോ, കേരള സർക്കാർ സാമ്പത്തിക ഞെരുക്കം നേരിടുന്ന വിവരം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ കേരള സർക്കാരിനെ സഹായിക്കാനായി ഇതുവരെ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും എന്തൊക്കെയാണ് തുടങ്ങിയ ചോദ്യങ്ങളും പ്രേമചന്ദ്രൻ ഉന്നയിച്ചിരുന്നു.കേരള സർക്കാർ ഉൾപ്പെടെയുള്ളവരുടെ വായ്പാ പരിധിയിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ലെന്ന് കേന്ദ്ര സർക്കാരിനായി ധനമന്ത്രി നിർമല സീതാരാമൻ മറുപടി നൽകി. അതേസമയം, വായ്പാ പരിധി ഉയർത്തുന്നതിനായി സംസ്ഥാന സർക്കാർ ആവശ്യം ഉന്നയിച്ചതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരുകളുടെ വായ്പാ പരിധി നിശ്ചയിക്കുന്നതിന് ഭരണഘടന പ്രകാരവും സാമ്പത്തിക കമ്മിഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ചും കേന്ദ്രസർക്കാരിന് പൊതു മാനദണ്ഡമുണ്ട്. നിലവിൽ കേരള സർക്കാരിന്റെ വായ്പാ പരിധി 47,762.58 കോടി രൂപയാണ്. ഇതിൽ ഓപ്പൺ മാർക്കറ്റ് ബോറോവിങ് പ്രകാരമുള്ള പരിധി 29,136.71 കോടി രൂപയാണ്. ഇതുപ്രകാരം 23,852 കോടി രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.





സിഗ്നിയയുടെ സഹകരണത്തോടെ കൊച്ചി കടവന്ത്രയിൽ ആരംഭിച്ച ആൻവി സൊലുഷൻസ് ഹിയറിംഗ് ക്ലിനിക്കിന്റെ പ്രവർത്തന ഉദ്ഘാടനം ആൻവി സൊലുഷൻസ് ഹിയറിംഗ് ക്ലിനിക്ക് ചീഫ് ബിസിനസ് ഓഫിസർ സെയ്ൻ അൽവി നിർവ്വഹിക്കുന്നു.മാർക്കറ്റിംഗ് ഹെഡ് പരാഗ് ബി. ഷാ, സിഗ്നിയ ഏരിയ സെയിൽസ് മാനേജർ എസ്. അൻവർഷാ, കൊച്ചി സെന്റർ ഹെഡ് ജിതിൻ സുരേന്ദ്രൻ എന്നിവർ സമീപം

# ആൻവി ഹിയറിംഗ് സൊലുഷൻസ് ക്ലിനിക് കൊച്ചിയിൽ പ്രവർത്തനം തുടങ്ങി

**കൊച്ചി :** ശ്രവണ ചികിൽസാ രംഗത്തെ പ്രമുഖരായ ആൻവി സൊലുഷൻസ് ഹിയറിംഗ് ക്ലിനിക്ക് ഡബ്ല്യുഎസ് ഓഡിയോളജിയുടെ കീഴിലുള്ള പ്രമുഖ ബ്രാൻഡായ സിഗ്നിയയുടെ സഹകരണത്തോടെ കൊച്ചി കടവന്ത്രയിൽ പ്രവർത്തനം ആരംഭിച്ചു. കൊച്ചി സെന്ററിന്റെ ഉദ്ഘാടനം ആൻവി സൊലുഷൻസ് ഹിയറിംഗ് ക്ലിനിക്ക് മാർക്കറ്റിംഗ് ഹെഡ് പരാഗ് ബി. ഷാ, ചീഫ് ബിസിനസ് ഓഫിസർ സെയ്ൻ അൽവി, സിഗ്നിയ ഏരിയ സെയിൽസ് മാനേജർ എസ്. അൻവർഷാ എന്നിവർ ചേർന്ന് നിർവഹിച്ചു. രാജ്യത്ത് 11 സംസ്ഥാനങ്ങളിലെ 24 നഗരങ്ങളിലായി 80 ക്ലിനിക്കുകളാണ് ആൻവി സൊല്യൂഷൻസിനുള്ളത്. കേരളത്തിലെ ആദ്യ ക്ലിനിക്കാണ് കടവന്ത്രയിൽ പ്രവർത്തനം ആരംഭിച്ചത്.

ഓഡിയോമെട്രി, ടിമ്പാനോമെട്രി ഉൾപ്പെടെയുള്ള സമഗ്രമായ ഓഡിയോളജിക്കൽ സേവനങ്ങളും, ശ്രവണസഹായി ട്രയൽ, ഫിറ്റിംഗ്, പ്രോഗ്രാമിംഗ്, സർവീസിംഗ് തുടങ്ങിയ പ്രത്യേക സേവനങ്ങളും അനുബന്ധ ഉപകരണങ്ങളും പുതിയ ക്ലിനിക്കിൽ ലഭ്യമാകും. ഏതു പ്രായത്തിലുള്ളവർക്കും കേൾവിയുമായി ബന്ധപ്പെട്ട് അവരുടെ വ്യത്യസ്തമായ ആവശ്യങ്ങൾക്ക് അനുസൃതമായ രീതിയിൽ അതിനൂതനമായ ശ്രവണ പരിഹാരമാർഗ്ഗങ്ങൾ പകർന്നു നൽകാനുള്ള ദൗത്യത്തിന്റെ സുപ്രധാനമായ ചുവടുവെയ്പ്പാണ് കടവന്ത്രയിലെ പുതിയ ശ്രവണ സഹായ കേന്ദ്രമെന്ന് ആൻവി സൊലുഷൻസ് ഹിയറിംഗ് ക്ലിനിക്ക് ചീഫ് ബിസിനസ് ഓഫിസർ സെയ്ൻ ആൽവി പറഞ്ഞു.സിഗ്നിയയുടെ വിപുലമായ ഉൽപ്പന്ന ശ്രേണിയിൽ ഏറ്റവും മികച്ചതും, പൂർണ്ണമായും റീചാർജ് ചെയ്യാവുന്നതുമായ ശ്രവണ സഹായികൾ ലഭ്യമാകുന്നതോടെ മികച്ച രീതിയിലുള്ള രോഗീപരിചരണം ഉറപ്പാക്കാനും സാധിക്കുമെന്ന് ആൻവി സൊലുഷൻസ് ഹിയറിംഗ് ക്ലിനിക്ക് മാർക്കറ്റിംഗ് ഹെഡ് പരാഗ് ബി. ഷാ പറഞ്ഞു. ശ്രവണ സഹായ ഉപകരണങ്ങളുടെ റീചാർജ്ജബിലിറ്റി, കണക്റ്റിവിറ്റി, സംഭാഷണ വ്യക്തത എന്നിവയിലടക്കം ആധുനികതയിൽ ഊന്നിയുള്ള പ്രതിബദ്ധതയാണ് സിഗ്നിയയെ മുന്നിൽ നിർത്തുന്നതെന്ന് സിഗ്നിയ ഏരിയ സെയിൽസ് മാനേജർ എസ്. അൻവർഷാ പറഞ്ഞു.

# അയഡിൻെറ പ്രാധാന്യം ഉയർത്തിക്കാട്ടി ടാറ്റാ സാൾട്ട്

**കൊച്ചി:** അയഡിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടി ടാറ്റാ സോൾട്ട്.അയഡിൻ അപര്യാപ്തതയ്ക്ക് എതിരായുള്ള രാജ്യത്തിന്റെ യാത്രയിൽ ടാറ്റാ സോൾട്ട് നിർണായക പങ്കാണു വഹിച്ചതെന്ന് ടാറ്റാ കൺസ്യൂമർ പ്രൊഡക്ട്സ് പാക്കേജ്ഡ് ഫുഡ്സ് പ്രസിഡൻറ് ദീപിക ഭാൻ പറഞ്ഞു.




ഇന്ത്യയിലെ അയഡൈസേഷൻ നീക്കങ്ങളുടെ മുൻപന്തിയിൽ ബ്രാൻഡ് എന്നുമുണ്ട്. അയഡിൻ അനുബന്ധ പ്രശ്നങ്ങൾ, ഗോയിറ്റർ, ക്രെറ്റിനിസം, മറ്റ് ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയവ ഇല്ലാതാക്കുന്നതിൽ വിശ്രമമില്ലാത്ത നീക്കങ്ങളാണ് നടത്തുന്നത്. അടുത്ത കാലത്ത് ഇന്ത്യയിലെ ഉപ്പ് അയഡിൻ വൽക്കരണത്തെ കുറിച്ചു ചർച്ചകൾ ഉണ്ടായിരുന്നു. മാനസിക വികസനത്തിന്, പ്രത്യേകിച്ച് കുട്ടികൾക്കിടയിൽ, അയഡിൻ ഉപ്പ് വഹിക്കുന്ന പങ്കിനെ കുറിച്ചു കൂടുതൽ ശക്തമായി പറയാൻ ടാറ്റാ സോൾട്ട് ഈ അവസരം ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്നു.

അയഡിൻ അപര്യാപ്തത ഐക്യൂ പോയിൻറുകൾ കുറയാൻ ഇടയാക്കുമെന്ന് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഉപ്പിൽ സ്വാഭാവികമായി ഉള്ള അയഡിൻ അംശം ഭക്ഷ്യ സുരക്ഷാ നിലവാര അതോറിറ്റി നിഷ്കർഷിക്കുന്ന 1530 പിപിഎമ്മിലും കുറവുമാണ്. കുട്ടികളുടെ മാനസിക വികസനത്തിന് നിർണായകമായ മൈക്രോന്യൂട്രിയൻറായ അയഡിൻ കൃത്യമായ അളവിലുണ്ടെന്ന് ടാറ്റാ സോൾട്ട് ഉറപ്പു നൽകുന്നുണ്ട്. രാജ്യത്ത് ആരോഗ്യ അജണ്ട ആവേശത്തോടെ മുന്നോട്ടു കൊണ്ടു പോകാൻ ബ്രാൻഡ് ശ്രമിക്കുന്നുണ്ട്. ശുദ്ധിയിലും ഗുണമേൻമയിലും ടാറ്റാ സോൾട്ട് ഉറച്ച്നിൽക്കുമെന്നും ബാധകമായ നിയന്ത്രണങ്ങളുടെ പരിധിക്കുള്ളിൽ തന്നെ പ്രവർത്തിക്കുമെന്നും എല്ലാ ഉപയോക്താക്കൾക്കും ഉറപ്പ് നൽകുന്നതായും ദീപിക ഭാൻ പറഞ്ഞു.കാലത്തിൻറെ പരീക്ഷണങ്ങൾ അതിജീവിച്ചതും വിശ്വാസം, ശുദ്ധത, ഗുണനിലവാരം എന്നിവ തുടർച്ചയായി നൽകുന്നതുമായ ബ്രാൻഡ് തെരഞ്ഞെടുക്കാൻ ടാറ്റാ സോൾട്ട് ഉപഭോക്താക്കളോട് ആഹ്വാനം ചെയ്തു.



# കേരള ജെം ആൻഡ് ജ്വല്ലറി പ്രദർശനത്തിന് സമാപനം

**കൊച്ചി:** ജ്വല്ലറി വ്യവസായത്തിലെ മികച്ച നേട്ടങ്ങൾക്കുള്ള അവാർഡ് ദാന ചടങ്ങോടെ കേരള ജെം ആൻഡ് ജ്വല്ലറി ഷോയുടെ പതിനാറാം പതിപ്പായ കെജിജെഎസ് 2023 അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ ആൻഡ് എക്സിബിഷൻ സെന്ററിൽ സമാപിച്ചു.സിനിമാ താരങ്ങളായ നരേനും വീണ നന്ദകുമാറും അവാർഡുകൾ വിതരണം ചെയ്തു. കെജിജെഎസ് ഡയറക്ടർമാരായ പി വി ജോസ്, സുമേഷ് വധേര, ക്രാന്തി നാഗ്വേക്കർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.പതിന്നാല് വിഭാഗങ്ങളിലായാണ് വ്യവസായ മികവിന് അംഗീകാരമായി അവാർഡ് നൽകിയത്.മികച്ച കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി കമ്പനിയായി കിസ്ന ഡയമണ്ട് ആൻഡ് ഗോൾഡ് ജ്വല്ലറി, ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്ന ജ്വല്ലറി ആയി കല്യാൺ ജ്വല്ലേഴ്സ് ലിമിറ്റഡ്, ഇന്ത്യയിലെ ഏറ്റവും സമ്പന്നമായ ജ്വല്ലറി (ഫോബ്സ് 2023 ) ആയി ജോയ്ആലുക്കാസ് എന്നിവ അവാർഡ് കരസ്ഥമാക്കി.

മറ്റ് വിഭാഗങ്ങളിലെ വിജയികൾ ലക്ഷറി മാനുഫാക്ചറിംഗ് ശിവ് നാരായൺ ജ്വല്ലേഴ്സ്, ഹൈദരാബാദ്; മികച്ച ജ്വല്ലറികളുടെ ആഗോള ലിസ്റ്റ് (ആറാം സ്ഥാനം) മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ്; ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ബിന്ദു മാധവൻ, ചെയർമാൻ ഭീമ ജ്വൽസ്, കൊച്ചി; പുതുമയേറിയ മാധ്യമ കാമ്പയിൻ ജോസ് ആലുക്കാസ് ; ഹെറിറ്റേജ് ജ്വല്ലറി ഭീമ ജ്വല്ലറി, തിരുവനന്തപുരം; ജ്വല്ലറി എക്സ്പോർട്ട് പുതിയ സംരംഭകൻ എക്സ്സ്പോർട്ട് ആൻഡ് ഇംപോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്; ജ്വല്ലറി വ്യവസായത്തിലെ മികച്ച സംഭാവന ജി.എസ്. പ്രകാശ്, ഐ.ഇ.ഡി.എസ്. ജോയിന്റ് ഡയറക്ടർ, എംഎസ് എം ഇ തൃശൂർ; കേരളത്തിലെ മികച്ച ഗോൾഡ് റിഫൈനറി മിസ്റ്റർ ജെയിംസ് ജോസ് സിജിആർ മെറ്റലോയ്സ്; പ്ലാറ്റിനം ജ്വല്ലറി മൊത്തവ്യാപാരം പീ ജെ ജ്വല്ലറി തൃശൂർ; ഫെലിസിറ്റേഷൻ അവാർഡ് റഷീദ്, പാസിയോ പാക്ക് എൽഎൽ പി. സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ആഭരണ വ്യവസായത്തിന് നിർണായക പങ്കുണ്ട്. ഏകദേശം രണ്ട് ലക്ഷം തൊഴിൽ ഈ വ്യവസായ മേഖലയിലുണ്ട്. സ്വർണ്ണത്തെ കൂടുതൽ അമൂല്യമാക്കുന്ന വിസ്മയകരമായ കലാസൃഷ്ടികൾ ദിനം പ്രതി ആഭരണങ്ങളിൽ ഉരുത്തിരിയുന്ന മേഖല കൂടിയാണ് ആഭരണ വ്യവസായമെന്ന് പി.വി ജോസ് പറഞ്ഞു. സ്വർണ്ണം, വജ്രം, പ്ലാറ്റിനം, വെള്ളി , അനുബന്ധ വസ്തുക്കൾ, നൂതന ജ്വല്ലറി ഉപകരണങ്ങൾ, സാങ്കേതികവിദ്യകൾ എന്നിവ അണിനിരന്ന ഏകദേശം 200 സ്റ്റാളുകളാണ് എക്സ്പോ ഒരുക്കിയത്. രാജ്യമൊട്ടുക്കുമുള്ള ആഭരണ നിർമ്മാതാക്കളും , ആർട്ടിസൻമാരും, വ്യാപാരികളും, കയറ്റുമതിക്കാരും, ജ്വല്ലറി സാങ്കേതികവിദ്യാ വിദഗ്ദ്ധരും വ്യാപര മേളയിൽ പങ്കെടുത്തു.ജ്വല്ലറി വിപണന രംഗത്തെ പ്രശസ്ത കൺസൾട്ടിംഗ് സ്ഥാപനമായ പി.വി.ജെ എൻഡവേഴ്സ്, ആർട്ട് ഓഫ് ജ്വല്ലറി (എ.ഒ.ജെ) മീഡിയ, കെ.എൻ സി സർവീസസ് എന്നിവയാണ് മേള സംഘടിപ്പിച്ചത്.

# ഐകൂ 12ന് എക്സ്ക്ലൂസീവ് പ്രയോറിറ്റി പാസ് അവതരിപ്പിക്കുന്നു

**ന്യൂഡൽഹി:** ഉയർന്ന പ്രകടനമുള്ള സ്മാർട്ട്ഫോൺ ബ്രാൻഡായ ഐകൂ , ഉപഭോക്താക്കൾക്കായി എക്സ്ക്ലൂസീവ് മുൻഗണനാ പാസ് പ്രഖ്യാപിച്ചു.

2023 ഡിസംബർ 5 മുതൽ 7 വരെ ആമസോൺകോം , ഐകൂ. കോം എന്നിവയിൽ ഔദ്യോഗിക ലോഞ്ച് ചെയ്യുന്നതിന് മുമ്പ് സൂപ്പർ ഫ്ലാഗ്ഷിപ്പ് ഐകൂ 12 മുൻകൂട്ടി ബുക്ക് ചെയ്യാനും വോട്ട് പാസ് നേടാനും കഴിയുമെന്ന് അധികൃതർ അറിയിച്ചു.

# ദ വീക്ക് ഹൻസ റിസർച്ച് സർവേയിൽ നേട്ടങ്ങൾ കരസ്ഥമാക്കി കൊച്ചി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ദ വീക്കും ഹൻസ റിസർച്ചും ചേർന്ന് നടത്തിയ സർവേയിൽ രാജ്യത്തെ വളർന്നു വരുന്ന മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളുടെ പട്ടികയിൽ ആസ്റ്റർ മെഡ്സിറ്റി ഒന്നാമതെത്തിയതായി ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു. രോജ്യത്തെ ഏറ്റവും മികച്ച 24 ആശുപത്രികളുടെ പട്ടികയിലും മുൻ നിരയിൽ ഇടം പിടിക്കാനും ആസ്റ്റർ മെഡ്സിറ്റിക്ക് കഴിഞ്ഞു.

ഡൽഹി ഉൾപ്പെടെ രാജ്യത്തെ 17 നഗരങ്ങളിലെ പ്രധാനപ്പെട്ട ആശുപത്രികളെയും ആരോഗ്യ സ്ഥാപനങ്ങളെയും കേന്ദ്രീകരിച്ചായിരുന്നു സമഗ്രമായ സർവേ നടത്തിയത്. 790 ജനറൽ ഫിസിഷ്യന്മാരും വിദഗ്ധരായ 1,165 ആരോഗ്യ പ്രവർത്തകരുമായിരുന്നു സർവേയിൽ പങ്കെടുത്തത്. അതാത് നഗരങ്ങളിലെ ഏറ്റവും മികച്ച 10 മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളെ നാമനിർദ്ദേശം ചെയ്ത് വിവിധ വിഭാഗങ്ങളിൽ വോട്ട് ചെയ്യാനായിരുന്നു ഇവർക്ക് നൽകിയിരുന്ന നിർദ്ദേശം. ഇതിൽ ആറ് വിഭാഗങ്ങളിലാണ് ആസ്റ്റർ മെഡ്സിറ്റി നേട്ടം കരസ്ഥമാക്കിയത്.വളർന്നു വരുന്ന മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളുടെ പട്ടികയിൽ ഒന്നാമതെത്തിയതിന് പിന്നാലെ സ്വകാര്യ മേഖലയിലെ മികച്ച മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രികളുടെ പട്ടികയിൽ രാജ്യത്ത് 14 ാം സ്ഥാനത്താണ് ആസ്റ്റർ മെഡ്സിറ്റി. സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തിട്ടുള്ള ആശുപത്രികളിൽ അഞ്ചാം സ്ഥാനത്തും സർവേ പ്രകാരം ദക്ഷിണേന്ത്യയിലെ ഏഴാമത്തെ മികച്ച മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയായും തിരഞ്ഞെടുക്കപ്പെട്ടു. ഈ വിഭാഗത്തിൽ സ്വകാര്യ മേഖലയിൽ ആറാം സ്ഥാനത്താണ് ആസ്റ്റർ മെഡ്സിറ്റി. മികച്ച കാർഡിയോളജി സേവനങ്ങൾ നൽകുന്ന ആശുപത്രികളുടെ പട്ടികയിൽ ദേശീയ തലത്തിൽ 16ആം സ്ഥാനവും ആസ്റ്റർ മെഡ്സിറ്റി കരസ്ഥമാക്കി. ഈ വിഭാഗത്തിൽ ദക്ഷിണേന്ത്യയിൽ ഏട്ടാം സ്ഥാനത്താണ് മെഡ്സിറ്റി.ആസ്റ്റർ മെഡ്സിറ്റിയെ രാജ്യത്തെ വളർന്നു വരുന്ന മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഏറ്റവും മികച്ചതായി അംഗീകരിക്കപ്പെട്ടതിൽ അഭിമാനമുണ്ടെന്നും ഫർഹാൻ യാസിൻ പറഞ്ഞു. രോഗികൾക്ക് തുടർന്നും ഏറ്റവും മികച്ച സേവനം നൽകാൻ പ്രതിജ്ഞാബദ്ധരാക്കുന്നതാണ് ഈ നേട്ടമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സർവേയിലുടനീളം സൂക്ഷ്മമായ മൂല്യനിർണയ രീതിയായിരുന്നു അധികൃതർ അവലംബിച്ചിരുന്നത്. ഇതിനായി പ്രാഥമിക സർവേകൾക്ക് പുറമേ മറ്റ് സ്രോതസുകളിൽ നിന്ന് ആശുപത്രികളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ കൂടി ശേഖരിച്ച് വിദഗ്ധ അഭിപ്രായങ്ങൾ കൂടി സ്വീകരിച്ചിരുന്നു. കണ്ടെത്തലുകളുടെ വിശ്വാസ്യത ഉറപ്പു വരുത്തുന്നതിനായി വിവിധ നഗരങ്ങളിലെ 70ഓളം വിദഗ്ധരുമായി ഫോണിലൂടെയുള്ള അഭിമുഖങ്ങൾ കൂടി നടത്തിയ ശേഷമായിരുന്നു അന്തിമ ഫലം പുറത്തു വിട്ടത്.




# കേരള-ഫിൻലാന്റ് ഇനോവേഷൻ ഇടനാഴി ;കെഎസ് യുഎം - ബിസിനസ് ഫിൻലാൻറ് ധാരണാപത്രം

**കൊച്ചി:** കേരളവും ഫിൻലാൻറും തമ്മിൽ സമഗ്രമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ രൂപീകരിക്കുന്നതിനായി ഇനോവേഷൻ ഇടനാഴി ആരംഭിക്കും. ഫിൻലാൻറിൻറെ തലസ്ഥാനമായ ഹെൽസിങ്കിയിൽ നടന്ന സ്ലഷ് 2023 പരിപാടിയിൽ വച്ച് ഫിൻലാൻറ് സർക്കാരിൻറെ ഉദ്യമമായ ബിസിനസ് ഫിൻലാൻറും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പു വച്ചു.കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രതിനിധികളുടെ നേതൃത്വത്തിൽ പതിമ്മൂന്ന് സ്റ്റാർട്ടപ്പുകളടങ്ങുന്ന സംഘമാണ് സ്ലഷിൽ പങ്കെടുത്തത്.

കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രതിനിധിയും ബിസിനസ് ഫിൻലാൻറ് സീനിയർ ഡയറക്ടർ ലോറ ലിൻഡ്മാനും ധാരണാപത്രം കൈമാറി. നൂതനത്വത്തിൻറെ പ്രദർശനശാലയെന്ന് വിശേഷിപ്പിക്കാവുന്ന സ്ലഷ് സമ്മേളനത്തിൽ 5000 സ്റ്റാർട്ടപ്പുകളെ പ്രതിനിധീകരിച്ച് 13000 വ്യക്തികളും 3000 നിക്ഷേപകരും 300 മാധ്യമപ്രവർത്തകരുമാണ് പങ്കെടുത്തത്.

കേരള സ്റ്റാർട്ടപ്പ് മിഷനും ബിസിനസ് ഫിൻലാൻറും സംയുക്തമായി നടത്തുന്ന പ്രവർത്തനങ്ങൾക്കിടയിലെ പാലമായി ഇടനാഴി വർത്തിക്കും. സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് പുറണെ ഗവേഷണ പങ്കാളിത്തം, സംയുക്ത പരിപാടികൾ, വിപണനം എന്നിവയിലും സഹകരണം ഉറപ്പാക്കും.

വെബിനാറുകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ തുടങ്ങിയവ ധാരണാപത്രത്തിൽ ഉറപ്പു വരുത്തുന്നുണ്ട്. ഉഭയകക്ഷി സന്ദർശനങ്ങൾ, പ്രവർത്തനങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള കാര്യങ്ങൾ തുടർ ചർച്ചകളിൽ തീരുമാനിക്കാനും ധാരണായായി.

ബിസിനസ്, നിക്ഷേപം, നൂതന സാങ്കേതികവിദ്യ എന്നിവ ആകർഷിക്കുന്നതിന് ഫിൻലാൻറ് തൊഴിൽ മന്ത്രാലയം ആരംഭിച്ച സംവിധാനമാണ് ഹെൽസിങ്കി ആസ്ഥാനമായി പ്രവർത്തിക്കുന്ന ബിസിനസ് ഫിൻലാൻറ്. സഹകരണം, നൂതനത്വം, നൈപുണ്യവികസനം, ഗവേഷണം, സാങ്കേതികവിദ്യാ വിജ്ഞാനം പങ്ക് വയ്ക്കൽ തുടങ്ങിയവ ധാരണാപത്രത്തിൽ ലക്ഷ്യം വയ്ക്കുന്നു.ആഗോള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ഒരു മേൽക്കൂരയ്ക്ക് കീഴിൽ കൊണ്ടു വരികയെന്ന ലക്ഷ്യത്തോടെയാണ് സ്ലഷ് 2023 നടത്തിയത്. ചടുലമായ നിരവധി സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥകൾ തമ്മിൽ വിവിധ തലങ്ങളിലുള്ള സഹകരണവുമായി ബന്ധപ്പെട്ട് ധാരണാപത്രങ്ങളും ഒപ്പു വച്ചു.




രാഹുൽറോയ് ചൗധരിയും ഗോപിനാഥ് നടരാജനും

# രാഹുൽറോയ് ചൗധരിയും ഗോപിനാഥ് നടരാജനും ജിയോജിത് സിഇഒമാർ

**കൊച്ചി** : പ്രമുഖ നിക്ഷേപ സേവനസ്ഥാപനമായ ജിയോജിത് തങ്ങളുടെ പ്രൈവറ്റ് വെൽത്ത് സർവീസസ് വിഭാഗത്തിന്റെ സിഇഒ ആയി രാഹുൽറോയ് ചൗധരിയെയും പോർട്ട്ഫോളിയോ, മാനേജ്ഡ് അസറ്റ്സ് വിഭാഗത്തിന്റെ സിഇഒ ആയി ഗോപിനാഥ് നടരാജനെയും നിയമിച്ചു. രണ്ടു പേരും മുംബൈ ആസ്ഥാനമായായിരിക്കും പ്രവർത്തിക്കുക.

രാഹുലിന്റെയും ഗോപിനാഥിന്റെയും പതിറ്റാണ്ടുകളുടെ അനുഭവ സമ്പത്ത് ജിയോജിതിനെ കൂടുതൽശക്തിപ്പെടുത്തുമെന്ന് അവരെ സ്വാഗതംചെയ്തുകൊണ്ട് ജിയോജിത് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സി. ജെ.ജോർജ്ജ് പറഞ്ഞു. അവർ കമ്പനിയുടെ വെൽത്ത് മാനേജ്മെന്റ്, പോർട്ട്ഫോളിയോ മാനേജ്മെന്റ് ബിസിനസുകളെ നയിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും പ്രധാന പങ്കു വഹിക്കും.പ്രൈവറ്റ് വെൽത്ത് മേഖലയിൽ 17 വർഷത്തെ അനുഭവസമ്പത്തുള്ള രാഹുൽറോയ് ചൗധരി ജിയോജിത്തിൽ ചേരുന്നതിന് മുമ്പ് ഇക്വയറസ്വെൽത്തിന്റെ മാനേജിംഗ് ഡയറക്ടറായിരുന്നു. അതിനു മുൻപ് സിറ്റിബാങ്കിന്റെ സ്കൈ ബിസിനസ്സിന്റെ വൈസ് പ്രസിഡന്റും നാഷണൽ ഹെഡ്ഡുമായി (ഇൻവെസ്റ്റ്മെന്റ്) പ്രവർത്തിച്ചിരുന്നു. കൂടാതെ, ഇൻഡസിന്റ് ബാങ്കിലും എച്ച്എസ്ബിസി ഗ്ലോബൽ അസറ്റ് മാനേജ്മെന്റ് കമ്പനിയിലും നേതൃനിരയിൽ പ്രവർത്തിച്ചിരുന്നു. എഞ്ചിനീയറിംഗ് ബിരുദധാരിയായ അദ്ദേഹം ഐഎംടി ഗാസിയാബാദിൽ നിന്നാണ് ബിസിനസ്സ് മാനേജ്മെന്റിൽ മാസ്റ്റർ ഡിഗ്രി നേടിയത്.ലണ്ടൻ ആസ്ഥാനമായ ബ്രിഡ്ജ്വീവ് എന്ന ഫിൻ ടെക്ക് കമ്പനിയുടെ ഏഷ്യാ മാർക്കറ്റ്സ് ഡയറക്ടറായി സേവനമനുഷ്ഠിച്ച ഗോപിനാഥ് നടരാജന് മൂലധന വിപണിയിലും അസറ്റ് മാനേജ്മെന്റ് മേഖലയിലും 25 വർഷത്തിലേറെ പരിചയ സമ്പത്തുണ്ട്. അദ്ദേഹം യെസ് സെക്യൂരിറ്റീസിൽ സീനിയർ പ്രസിഡന്റായും ഐ ഐ എഫ് എൽ ഹോൾഡിംഗിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റായും, കൊട്ടക് സെക്യൂരിറ്റീസിൽ സീനിയർവൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# പാരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത ; സെമിനാർ ഇന്ന്

**കൊച്ചി:**അന്തരാഷ്ട്ര പുസ്തകോത്സവേദിയിൽ ഇന്ന് രാവിലെ 10 മണി മുതൽ പാരിസ്ഥിതി സെമിനാറും ചർച്ചകളും നടക്കും പാരിസ്ഥിതി സെമിനാറിന്റെ ഉദ്ഘാടനം കുസാറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പി.ജി ശങ്കരൻ നിർവ്വഹിക്കും. തുടർന്ന് സ്കൂൾ കോളേജ് വിദ്യാർത്ഥികളുമായി പ്രമുഖ പാരിസ്ഥിതി പ്രവർത്തകർ ചർച്ച നടത്തും.

കുട്ടികളുടെ സമൂഹഗാനം, പ്രസംഗം. വിവിധകലാപരിപാടികളും അരങ്ങേറും. തുടർന്ന് പ്രമുഖ വൃക്ഷ വൈദ്യൻ കെ ബിനുവിനെ ആദരിക്കും .

വൃക്ഷ തൈ വിതരണം ഉണ്ടായിരിക്കും.ഫ്ളാറ്റുകളിലെ മാലിന്യം പ്രശ്നവും പരിഹാരാവും എന്ന വിഷയത്തിൽ ഉച്ചകഴിഞ്ഞ് ഫ്ളാറ്റ് ഭരണസമിതി അംഗങ്ങളും, പാരിസ്ഥിതി പ്രവർത്തകരും സംസ്ക്കരണം ഏറ്റെടുത്ത് നടത്തുന്നവരും പങ്കെടുക്കുന്ന പ്രഭാഷണവും സംവാദവും നടക്കും. തുടർന്ന് പ്ലാസ്റ്റിക്ക് മാലിന്യവും സംസ്ക്കരണവും എന്ന വിഷയത്തിൽ ചർച്ചയും ഉണ്ടായിരിക്കും.

# ഖാദി വിലക്കിഴിവ്

**തിരുവനന്തപുരം:** ക്രിസ്തുമസ് ന്യൂ ഇയർ ഉത്സവത്തോടനുബന്ധിച്ച് ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസ് അങ്കണത്തിൽ ഖാദിവസ്ത്രങ്ങളുടെ വിലക്കിഴിവോടെയുള്ള വില്പന ഡിസംബർ 12 വരെ. വിവിധയിനം സിൽക്ക്സാരികൾ, തുണിത്തരങ്ങൾ, റെഡിമെയ്ഡ് ഷർട്ടുകൾ, ദോത്തി, ബെഡ്ഷീറ്റ് തുടങ്ങിയവ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ ലഭിക്കും. ഫോൺ 0474 2743587.

# ഭിന്നശേഷി ദിനത്തിൽ സിഎബികെ ഐ ഫോൾഡ് ചലഞ്ച് സംഘടിപ്പിച്ചു

**കൊച്ചി:** അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി ക്രിക്കറ്റ് അസോസിയേഷൻ ഫോർ ബ്ലൈൻഡ് ഇൻ കേരള (സി എ ബി കെ) ഐ ഫോൾഡ് ചലഞ്ച് സംഘടിപ്പിച്ചു. കളമശ്ശേരി റോട്ടറി ക്ലബിന്റെ സഹകരണത്തോടെ ഇടപ്പള്ളി കളിക്കളം ടർഫിൽ നടന്ന ചലഞ്ചിൽ ഉമ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യ്തു.കാഴ്ച പരിമിതർ സമൂഹത്തിൽ ഇടപഴകുന്നതു സംബന്ധിച്ച് അവബോധം പകരുന്ന ഐ ഫോൾഡ് ചലഞ്ചിൽ പ്രമുഖർ പങ്കെടുത്തു. ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണവും ക്ഷേമം ഉറപ്പാക്കലും പരിപാടിയുടെ ലക്ഷ്യം.




# ഭിന്നശേഷി ദിനാചരണം സംഘടിപ്പിച്ചു

**കൊച്ചി:** അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് ഭിന്നശേഷിക്കാർക്കും അവരെ പരിചരിക്കുന്നവർക്കുമായി വ്യത്യസ്ത ആഘോഷങ്ങളുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. ആസ്റ്റർ മെഡ്സിറ്റിയിലെ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ വകുപ്പിലെ രോഗികൾക്ക് വേണ്ടി ഹൗസ് ബോട്ടിൽ വിനോദ യാത്രയായിരുന്നു ഒരുക്കിയിരുന്നത്.

പരിപാടിയുടെ ഉദ്ഘാടനം ഹൈബി ഈഡൻ എം.പി നിർവഹിച്ചു.ഭിന്നശേഷിക്കാരായ രോഗികൾക്ക് വേണ്ടി ആസ്റ്റർ മെഡ്സിറ്റി നടത്തുന്നത് ഏറ്റവും മാതൃകാപരമായ സേവനങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. അവർക്ക് വേണ്ടി പൂർണ അർപ്പണബോധത്തോടെ ഏറ്റവും കൃത്യമായ ചികിത്സരീതികളാണ് ആവിഷ്കരിക്കുന്നതെന്ന് നേരിട്ട് കണ്ട് മനസിലാക്കിയ കാര്യമാണ്. ഇത് ഏറെ പ്രശംസനീയമാണെന്നും ഹൈബി ഈഡൻ എം.പി കൂട്ടിച്ചേർത്തു.ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന ചടങ്ങിൽ ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, ആസ്റ്റർ മെഡ്സിറ്റി ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. കെ.എം മാത്യു, അസിസ്റ്റന്റ് ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ജവാദ് അഹമ്മദ്, ഓപ്പറേഷൻസ് മേധാവി ധന്യ ശ്യാമളൻ, ആശുപത്രി ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. ദിനാചരണത്തോടനുബന്ധിച്ച് ആശുപത്രി ജീവനക്കാരുടെയും രോഗികളുടെയും വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

# ഇന്ത്യൻ റേസിംഗ് ലീഗിന്റെ രണ്ടാം പതിപ്പുമായി എക്സോൺ മൊബിൽ




**ബംഗളൂരു:** രാജ്യത്തെ ആദ്യ എഫ് ഫോർ ഇന്ത്യൻ ചാമ്പ്യൻഷിപ്പിന് പുറമെ ഇന്ത്യൻ റേസിംഗ് ലീഗിന്റെ രണ്ടാം പതിപ്പുമായി എക്സോൺ മൊബിൽ മോട്ടോർസ്പോർട്സ്. ചെന്നൈയിലെ മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിലും (എംഐസി) പുതിയ ഫോർമുല റേസിംഗ് സർക്യൂട്ടിലുമായാണ് (എഫ്സിആർ) മത്സരങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്. ഇതോടൊപ്പം, ചെന്നൈ ഐലൻഡ് ഗ്രൗണ്ടിന് ചുറ്റും സ്ഥിതി ചെയ്യുന്ന എഫ്സിആറിൽ നൈറ്റ് റേസുകളും ആരംഭിക്കും. ഇന്ത്യയിലും ദക്ഷിണേഷ്യയിലും തന്നെ ആദ്യമായാണ് ഇത്തരത്തിൽ നൈറ്റ് റേസ് നടക്കാൻ പോകുന്നത്.

# കുട്ടികൾക്കായി അമൃത ദന്ത ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചു

**കൊച്ചി:** ചെറുപ്രായത്തിൽ തന്നെ ദന്തപരിപാലനശീലങ്ങൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കൊച്ചി അമൃത ആശുപത്രിയിലെ പീഡിയാട്രിക് ആൻഡ് പ്രിവന്റീവ് ഡെന്റിസ്ട്രി വിഭാഗം എറണാകുളം ജില്ലയിലെ കുട്ടികൾക്കായി ദന്ത ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചു. വിവിധ അങ്കണവാടികൾ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ എന്നിവയുടെ സഹകരണത്തോടെയാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്.

അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ പീഡിയാട്രിക് ഡെന്റിസ്ട്രി വിഭാഗം മേധാവിയും പ്രിൻസിപ്പലുമായ ഡോ.ബാലഗോപാൽ വർമ്മ ആർ. ഉദ്ഘാടനം നിർവ്വഹിച്ചു. കുഞ്ഞുങ്ങളുടെ മൊത്തത്തിലുള്ള ആരോഗ്യത്തിൽ ദന്തപരിപാലനത്തിനുള്ള പ്രാധാന്യത്തെ കുറിച്ച് അദ്ദേഹം സംസാരിച്ചു. ബോധവത്കരണത്തിന്റെ ഭാഗമായി അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ വിദ്യാർത്ഥികൾ ദന്താരോഗ്യവുമായി ബന്ധപ്പെട്ടുള്ള സോഷ്യൽ സ്റ്റിഗ്മയെ അഭിസംബോധന ചെയ്യുന്ന സ്കിറ്റ് അവതരിപ്പിച്ചു.ശരിയായ ദന്തസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുന്നതിനായി രൂപകൽപ്പന ചെയ്ത നിരവധി പ്രവർത്തനങ്ങൾ ക്യാമ്പുകളിൽ അവതരിപ്പിച്ചു. പ്രശ്നങ്ങൾ വരാൻ സാധ്യതയുണ്ടോ എന്ന് നേരത്തേ തിരിച്ചറിയുന്നതിനായി ഡെന്റൽ സ്ക്രീനിംഗ് നടത്തുകയും ശുചിത്വം പാലിക്കുന്നതിനെക്കുറിച്ചുള്ള അവശ്യ അറിവ് നൽകുന്നതിന് വിവിധ ബോധവത്കരണ സെഷനുകൾ സംഘടിപ്പിക്കുകയും ചെയ്തു. കുട്ടികൾ ചർച്ചകളിലും പസിലുകളിലും പങ്കെടുത്ത്, പഠനാനുഭവം ആസ്വാദ്യകരവും അവിസ്മരണീയവുമാക്കി.



കുട്ടികളുടെ ദന്തശീലങ്ങൾ രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കളും അധ്യാപകരും വഹിക്കുന്ന നിർണായക പങ്ക് തിരിച്ചറിഞ്ഞ് അവർക്കായും ബോധവത്കരണ സെഷനുകൾ നടത്തി. അമൃതയിലെ ദന്തരോഗികൾക്കായും പ്രത്യേക ക്യാമ്പ് പീഡിയാട്രിക് ആൻഡ് പ്രിവന്റീവ് ഡെന്റിസ്ട്രി വിഭാഗം സംഘടിപ്പിച്ചു.

MODIFI

# എസ് എം ഇ മേഖലയെ ശക്തിപ്പെടുത്താൻ മോഡിഫി

**കൊച്ചി:** ആഗോള ഫിൻടെക് പ്ലാറ്റ്ഫോമായ മോഡിഫി, രാജ്യത്തെ ചെറുകിട ഇടത്തരം വ്യവസായ (എസ്എംഇ) മേഖലയെ ശക്തിപ്പെടുത്തി ഇന്ത്യൻ വിപണിയിൽ തങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു.പരമ്പരാഗത ക്രോസ്ബോർഡർ പെയ്മെൻറ്, ഫിനാൻസിംഗ് രീതികളിൽ എസ്എംഇകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ വളരെ ചെലവേറിയതും അതാര്യവും വെല്ലുവിളികൾ നിറഞ്ഞതുമാണ്. നിലവിലുള്ള സംവിധാനങ്ങൾ വലിയ കോർപ്പറേറ്റുകളെ അനുകൂലിക്കും വിധമാണ് നടക്കുന്നത്.

അതുകൊണ്ടുതന്നെ ഇതിനൊരു അനുയോജ്യമായ പരിഹാര മാർഗ്ഗം കണ്ടെത്തേണ്ടതു ആവശ്യമായിരുന്നു. അതിനാൽ വൻകിടക്കാരോട് കാര്യക്ഷമമായി ആഗോള തലത്തിൽ മത്സരിക്കാൻ എസ് എം ഇ കളെ പ്രാപ്തരാക്കുന്ന നൂതന ഡിജിറ്റൽ സൊല്യൂഷനുകളിലൂടെ ഇപ്പോഴത്തെ പോരായ്മകൾക്കു പരിഹാരം കാണുകയാണ് മോഡിഫിയുടെ ലക്ഷ്യം. 2024 ൽ ഇന്ത്യൻ വിപണിയിൽ എസ് എം ഇ വ്യവസായത്തിന് വൻ വളർച്ചയാണ് കമ്പനി പ്രതീക്ഷിക്കുന്നത്. പ്രവർത്തന മൂലധന ലഭ്യത, ഫലപ്രദമായ പേയ്മെൻറ് സൊല്യൂഷനുകൾ, റിസ്ക്ക് മാനേജ് മെൻറ് തുടങ്ങിയ നിർണായക പ്രശ്നങ്ങൾ പരിഹരിച്ച് ആഗോള ഉൽല്പാദന മേഖലയിൽ പ്രധാന വ്യവസായങ്ങളായി ഉയർന്നുവരാൻ സഹായിക്കുന്നതിനും, ഇന്ത്യൻ എസ്എംഇകൾക്കുള്ള പേയ്മെൻറുകളിലെ പ്രതിബന്ധങ്ങൾ നികത്തുന്ന രീതികളിലാണ് ഞങ്ങൾ ഈ പദ്ധതികൾ രൂപകൽല്പന ചെയ്തിരിക്കുന്നതെന്നു മോഡിഫി സിഇഒയും സഹസ്ഥാപകനുമായ നെൽസൺ ഹോൾസ്നർ പറഞ്ഞു.

2019 ൽ ഇവിടെ പ്രവർത്തനം ആരംഭിച്ച ശേഷം ഇതുവരെ 1.5 ബില്യൺ യുഎസ് ഡോളറിലധികം വ്യാപാര വോളിയം ധനസഹായീ നൽകി ബിസിനസ്സുകൾക്കും സംരംഭകർക്കും കമ്പനി ധനസഹായീ നൽകി കമ്പനി ഉത്തേചകമായിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു



# ആമസോൺ ഫ്യൂച്ചർ എഞ്ചിനീയറിങ് പരിപാടി വിപുലമാക്കും

**കൊച്ചി:** അഡ്വാൻസ്ഡ് കോഡിങ്ങും നിർമിത ബുദ്ധിയും അടങ്ങിയ മോഡ്യൂളുകൾ കർണാടക റെസിഡൻഷ്യൽ എജ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ സൊസൈറ്റിയുടെ 100 സ്കൂളുകളിൽ അവതരിപ്പിക്കും വിധം ആമസോൺ ഫ്യൂച്ചർ എഞ്ചിനീയറിങ് പരിപാടി വിപുലമാക്കുമെന്ന് ആമസോൺ ഡോട്ട് ഇൻ പ്രഖ്യാപിച്ചു.

സൊസൈറ്റിയുടെ 30 സ്കൂളുകളിൽ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും കമ്പനി സൗകര്യമൊരുക്കും. കർണാടകത്തിലെ 30 ജില്ലകളിലായുള്ള 6 മുതൽ 8 വരെ ക്ലാസുകളിലെ 13,000 വിദ്യാർത്ഥികൾക്കാവും ഇതിൻറെ ഗുണം ലഭിക്കുക. ബ്ലോക്ക് പ്രോഗ്രാമിങ്ങിൻറെ അടിസ്ഥാനങ്ങളാവും ആറാം ക്ലാസിലെ വിദ്യാർത്ഥികളെ പഠിപ്പിക്കുക.

ഏഴും എട്ടും ക്ലാസുകളിലെ വിദ്യാർത്ഥികളെ നിർമിത ബുദ്ധിയുടെ അടിസ്ഥാനത്തിലുള്ള ആധുനിക പ്രോഗ്രാമിങ്ങും പരിചയപ്പെടുത്തും.

ഗുണമേന്മയുള്ള കമ്പ്യൂട്ടർ സയൻസ് വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഈ നീക്കങ്ങൾക്കു പിന്നിലെന്ന് ആമസോൺ ജനറൽ പബ്ലിക് പോളിസി സീനിയർ വൈസ് പ്രസിഡൻറും ജനറൽ കൗൺസെലുമായ ഡേവിഡ് സാപോൾസ്കി പറഞ്ഞു.



# 110 മണിക്കൂർ രാത്രിയും പകലും അഖണ്ഡ ബൈബിൾ പാരായണം

**കൊച്ചി:** കെ.സി.ബി.സി.യുടെ അഖണ്ഡ ബൈബിൾ പാരായണം ഇരിങ്ങാലക്കുടയിലെ തേശേരി ഇടവകയിൽവച്ച് കെ.സി.ബി.സി. വൈസ് ചെയർമാൻ ബിഷപ്പ് പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. ഡിസംബർ 3 വൈകിട്ട് 7 മണിക്ക് ആരംഭിച്ച് ഡിസംബർ 8 വെള്ളിയാഴ്ച രാവിലെ 7 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് രാത്രിയും പകലുമായി ബൈബിൾ പാരായണം ക്രമപ്പെടുത്തിയിരിക്കുക.ഇരിങ്ങാലക്കുട തേശേരിയിലെ 176 കുടുംബങ്ങൾ ബൈബിളിലെ ഒരു ദൈവവചനം പഠിച്ച് ആ വചനം എഴുതിയ വചനബോർഡുകൾകൊണ്ട് അഖണ്ഡ പാരായണത്തിന്റെ വേദിയും പരിസരങ്ങളും അലങ്കരിച്ചു. ബൈബിൾ പാരായണം കേരളസഭയുടെ നവീകരണ കാലഘട്ടത്തിൽ സമൂഹത്തിന്റെ നന്മയ്ക്കും വളർച്ചയ്ക്കും വഴിതെളിക്കുമെന്ന് ബിഷപ് റവ. ഡോ. പോളി കണ്ണൂക്കാടൻ ഉത്പത്തി പുസ്തകത്തിന്റെ ആദ്യത്തെ അധ്യായം വായിച്ചുകൊണ്ട് അറിയിച്ചു. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ളവരും, ഇരിങ്ങാലക്കുട രൂപതയിലെ ബൈബിൾ കമ്മീഷൻ കോഓർഡിനേറ്റേഴ്സും, തേശേരിയിലെ 176 കുടുംബങ്ങളും, ഡിവൈൻ മേഴ്സി ആഗോള വചന ഫാമിലിയും രാത്രിയും പകലുമായി നീണ്ടുനില്ക്കുന്ന വചനപാരായണത്തിൽ പങ്കെടുക്കും.ഇരിങ്ങാലക്കുട, തേശേരി ഇടവക ബൈബിൾ ഉത്സവമായി ഇടവകയിലും കുടുംബങ്ങളിലും ഏറ്റെടുത്തു കഴിഞ്ഞിരിക്കുന്നുവെന്ന് ഇടവക വികാരി ഫാ. ഡിബിൻ ഐനിക്കൽ അറിയിച്ചു. ഇരിങ്ങാലക്കുട രൂപത മുഴുവനും ഈ പാരായണദിനങ്ങളിൽ സന്തോഷിക്കുന്നുവെന്നും, ദൈവവചനത്തിലൂടെ മാത്രമാണ് സമൂഹത്തെ കൂടുതൽ സ്നേഹത്തിലേക്ക് കൊണ്ടുവരാൻ കഴിയൂ എന്ന് ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. സീമോൻ കാഞ്ഞുതറ തന്റെ ആശംസ പ്രസംഗത്തിൽ അറിയിച്ചു. ഈ അഖണ്ഡപാരായണം 110 മണിക്കൂറും രാത്രിയും പകലും ഓൺലൈനായി സംപ്രേഷണം ചെയ്യുന്നുണ്ടെന്നും, ആഗോളതലത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ളവർ ഓൺലൈനായി പങ്കുചേരുന്നുണ്ടെന്നും ഡിവൈൻ മേഴ്സി ആഗോള ഫാമിലി കോഓർഡിനേറ്റർ ബൈജു അറിയിച്ചു.

കേരളസഭയുടെ നവീകരണവർഷത്തിൽ 110 മണിക്കൂർ നീണ്ടുനിൽക്കുന്ന ബൈബിൾ പാരായണയജ്ഞങ്ങൾ കൂടുതലായി നടത്തപ്പെടുന്നത് സമൂഹത്തിൽ ദൈവികചിന്തയും ദൈവനന്മയും വളർത്തുന്നതിന് ഉപകരിക്കുമെന്ന് ജനറൽ കൺവീനറായിരിക്കുന്ന കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ.ജോജു കോക്കാട്ടും തന്റെ ആമുഖ പ്രസംഗത്തിൽ പ്രസ്താവിച്ചു. ഉദ്ഘാടന യോഗത്തിൽ ഫാ. അനൂബ്, ഫാ. ജെയിൻ, സി. ഇസബെല്ല ഐഡ, സി. ട്രീസ, കൈക്കാരന്മാർ, കുടുംബ സമ്മേളനകേന്ദ്രസമിതി, യുവജന പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# ധനം റീറ്റെയ്ൽ ആൻഡ് ഫ്രാഞ്ചൈസ് സമിറ്റ് ആൻഡ് അവാർഡ് നൈറ്റ് ഡിസംബർ ഏഴിന് കൊച്ചിയിൽ

**കൊച്ചി:** ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ റീറ്റെയ്ൽ സമിറ്റും അവാർഡ്ദാന ചടങ്ങും ഡിസംബർ ഏഴിന് കൊച്ചിയിൽ നടക്കും. ധനം ബിസിനസ് മീഡിയ സംഘടിപ്പിക്കുന്ന സമിറ്റിൽ ആദിത്യ ബിർള റീറ്റെയ്ലിന്റെ മുൻ മാനേജിംഗ് ഡയറക്റ്ററും സിഇഒയുമായ തോമസ് വർഗീസ് മുഖ്യാതിഥിയാകും. ബ്രാൻഡ് സ്ട്രാറ്റജിസ്റ്റും പുഷ് 360 ഏജൻസിയുടെ ചെയർമാനും മാനേജിംഗ് ഡയറക്റ്ററുമായ വി എ ശ്രീകുമാർ, റീറ്റെയ്ൽ കൺസൾട്ടന്റും ഗ്രന്ഥകാരനും സ്ട്രാറ്റജിക് ഡിസൈൻ വിദഗ്ധനും എൻഐഡി മുൻ ഡയറക്റ്ററുമായ ഡാർളി കോശി എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നടത്തും. ഒഎൻഡിസി വൈസ് പ്രസിഡന്റ് നിതിൻ നായർ പ്രത്യേക പ്രഭാഷണം നിർവഹിക്കും. രാവിലെ 9.30 മുതൽ രാത്രി 9.30 വരെ കൊച്ചി ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടക്കുന്ന സമിറ്റിലും അവാർഡ്ദാന ചടങ്ങിലുമായി 20 ലേറെ വിദഗ്ധർ പ്രഭാഷണം നടത്തും. റീറ്റെയ്ൽ മേഖലയിലെ സമകാലികമായ വിഷയങ്ങളെ കേന്ദ്രീകരിച്ച് മൂന്ന് പാനൽ ചർച്ചകളും നടക്കും.

അവാർഡ് നിശയിൽ വെച്ച് ധനം റീറ്റെയ്ൽ ഓഫ് ദി ഇയർ പുരസ്കാരം കല്യാൺ സിൽക്ക്സിന് സമ്മാനിക്കും. സൂഡിയോ (ഫ്രാഞ്ചൈസി ബ്രാൻഡ് ഓഫ് ദി ഇയർ), ബിയോണ്ട് സ്നാക്ക് (റീറ്റെയ്ൽ സ്റ്റാർട്ടപ്പ് ഓഫ് ദി ഇയർ) എന്നിവരാണ് മറ്റ് പുരസ്കാര ജേതാക്കൾ.

പോപ്പുലർ വെഹിക്ക്ൾസ് ആൻഡ് സർവീസസ് ഹോൾടൈം ഡയറക്റ്റർ ജോൺ കെ പോൾ, വി ഗാർഡ് മാനേജിംഗ് ഡയറക്റ്റർ മിഥുൻ ചിറ്റിലപ്പിള്ളി, അസ്വാനി ലച്ച്മൻദാസ് ഗ്രൂപ്പ് സിഎംഡി ദീപക് അസ്വാനി, ജോസ് ആലുക്കാസ് മാനേജിംഗ് ഡയറക്റ്റർ വർഗീസ് ആലുക്ക, ലുലു മാൾസ് ഇന്ത്യ ഷോപ്പിംഗ് മാൾസ് ഡയറക്റ്റർ ഷിബു ഫിലിപ്സ്, ഫ്രഷ് ടു ഹോം സഹസ്ഥാപകൻ മാത്യു ജോസഫ്, റിസൾട്ട്സ് ഗ്രൂപ്പ് ഫൗണ്ടർ & സിഇഒ ടിനി ഫിലിപ്പ്, റീറ്റെയ്ലേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ ഡയറക്റ്റർ മാർക്കറ്റിംഗ് & കമ്യൂണിക്കേഷൻ ഡോ. ഹിതേഷ് ഭട്ട്, ആദിത്യ ബിർള ഗ്രൂപ്പ് ന്യൂ ബിസിനസ് വെഞ്ചേഴ്സ് സീനിയർ വൈസ് പ്രസിഡന്റ് ബിനോയ് ബി, ഫ്രാഞ്ചൈസിംഗ് വിദഗ്ധനും നാചറൽസ് സലൂൺ ബിസിനസ് ഡെവലപ്മെന്റ് & ട്രെയ്നിംഗ് സിഒയുമായ ഡോ. ചാക്കോച്ചൻ മത്തായി, റോബി ആക്സിയേറ്റ ചീഫ് കമേഴ്സ്യൽ ഓഫീസർ പ്രദീപ് ശ്രീവാസ്തവ, ബിസിനസ് സ്ട്രാറ്റജി കോച്ചും ബ്രമ്മ സിഇഒയുമായ രഞ്ജിത് എ ആർ, യുട്യൂബ് ഇൻഫ്ളുവൻസേഴ്സായ ബൈജു എൻ നായർ, പേളി മാണി, ഇബാദു റഹ്മാൻ എന്നിവർ സമിറ്റിൽ പ്രഭാഷകരായെത്തും.



# കെ.സി.ബി.സി. ബൈബിൾ പാരായണ മാസാചരണം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ബൈബിൾ പാരായണ മാസാചരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം കോതമംഗലം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് കേരളകത്തോലിക്ക മെത്രാൻ സമിതിയുടെ ബൈബിൾ കമ്മീഷൻ വൈസ് ചെയർമാനും ഇടുക്കി രൂപതാദ്ധ്യക്ഷനുമായ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ നിർവഹിച്ചു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട്, ഡീൻ ഓഫ് സ്റ്റഡീസ് റവ. ഫാ. ടോണി കോഴിമണ്ണിൽ, കോതമംഗലം രൂപതാ ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. പോൾ കളത്തൂർ, വികാരി റവ. ഫാ. തോമസ് ചെറുപറമ്പിൽ, കോതമംഗലംരൂപതാ മീഡിയാ സെക്രട്ടറി ഫാ. ജെയിംസ് മുണ്ടോലിക്കൽ എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

തുടർന്ന് മാർ ജോൺ നെല്ലിക്കുന്നേൽ ബൈബിൾ വായിച്ചുകൊണ്ട് അഖണ്ഡബൈബിൾ പാരായണ മാസാചരണത്തിന് തുടക്കം കുറിച്ചു.



# റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഓംബുഡ്സ്മാൻ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു

**തൃശൂർ:** റിസർവ് ബാങ്ക് ഓംബുഡ്സ്മാൻ ഓഫീസുമായി സഹകരിച്ച് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് തൃശൂരിലും പാലക്കാട്ടും ബാങ്കിങ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. തൃശൂരിൽ നടന്ന ടൗൺഹാൾ പരിപാടിയിൽ ആർബിഐ ഓംബുഡ്സ്മാനും സിജിഎമ്മുമായ കമലകണ്ണൻ ആർ മുഖ്യ പ്രഭാഷണം നടത്തി.

ബാങ്കിങ്, സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച പരാതികൾ ഓംബുഡ്സ്മാൻ ഓഫീസ് വഴി പരിഹരിക്കുന്നതിനെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനാണ് പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചത്. ഡെപ്യൂട്ടി ഓംബുഡ്സ്മാനും ഡിജിഎമ്മുമായ എം. ജെ. ഭാസ്കർ, ഇസാഫ് ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ജോർജ് കെ ജോൺ, ചീഫ് കംപ്ലയൻസ് ഓഫീസർ സുദേവ് കുമാർ എന്നിവർ വിഷയത്തെ അധികരിച്ച് സംസാരിച്ചു.സുരക്ഷിത ഡിജിറ്റൽ ബാങ്കിങ് രീതികളെ കുറിച്ചുള്ള പ്രത്യേക ബോധവൽക്കരണവും ലഘുലേഖ വിതരണവും നടന്നു.

പരാതികൾ സ്വീകരിക്കുന്നതിന് ഹിയറിങ്ങും ഓപ്പൺ ഹൗസും സംഘടിപ്പിച്ചു. ആർ ബി ഐ മാനേജർമാരായ ശ്രീകാന്ത് ടി. കെ., റഫീഖ് കെ. എം. എന്നിവർ പൊതുജനങ്ങൾക്കായി ക്വിസ് പരിപാടിയും സംഘടിപ്പിച്ചു.



# വികസിത ഭാരത സങ്കൽപ്പ് യാത്ര കണ്ണൂർ ജില്ലയിൽ പര്യടനം തുടരുന്നു

**മാട്ടൂൽ (കണ്ണൂർ):** കേന്ദ്ര ഗവൺമെൻറിന്റെ ക്ഷേമ , വികസന പദ്ധതികൾ സമൂഹത്തിന്റെ താഴേ തലത്തിൽ വരെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന വികസിത ഭാരത് സങ്കല്പ യാത്ര ജില്ലയിൽ പര്യടനം തുടരുന്നു.

മാട്ടൂൽ, കണ്ണപുരം പഞ്ചായത്തുകളിൽ സംഘടിപ്പിച്ച യാത്രയിൽ വിവിധ ഗുണഭോക്താക്കൾക്ക് പദ്ധതികളിൽ അംഗങ്ങളാകാൻ അവസരമൊരുക്കി. പ്രധാനമന്ത്രി ഉജ്ജ്വല യോജനയിൽ പെടുത്തി രണ്ട് പഞ്ചായത്തുകളിലും അർഹരായ ഗുണഭോക്താക്കൾക്ക് സൗജന്യ ഗ്യാസ് കണക്ഷനുകൾ നൽകി.

കൃഷി ഓഫീസർ കെ. പ്രീതി മാട്ടൂലിൽ വികസിത ഭാരത് സഞ്ചാര യാത്ര ഉദ്ഘാടനം ചെയ്തു. കണ്ണപുരം പഞ്ചായത്തി ൽ യാത്ര കൃഷി ഓഫീസർ യു.പ്രസന്നൻ ഉദ്ഘാടനം ചെയ്തു. കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സ്മാം പദ്ധതി പ്രകാരം മുപ്പത് കർഷകർക്ക് പഞ്ചായത്തിൽ ആനുകൂല്യങ്ങൾ നല്കിയതായി അദ്ദേഹം പറഞ്ഞു.

വിവിധ വകുപ്പുകൾ നടപ്പാക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് വിദഗ്ധർ ക്ലാസുകളെടുത്തു.എഫ് .എ .സി.ടി, ഐ ഒ സി, എച്ച് പി സി എൽ, തപാൽ വകുപ്പ്, നെഹ്റു യുവകേന്ദ്ര തുടങ്ങിയവ ലഭ്യമാക്കുന്ന സേവനങ്ങൾ വിശദീകരിച്ചു.കാർഷികാവശ്യങ്ങൾക്ക് പ്രത്യേകമായി വികസിപ്പിച്ച ഡ്രോൺ രണ്ട് പഞ്ചായത്തുകളിലും കർഷകർക്ക് പരിചയപ്പെടുത്തി.ചൊവ്വാഴ്ച പട്ടുവം, പരിയാരം പഞ്ചായത്തുകളിലാണ് പര്യടന യാത്ര.



# വികസിത് ഭാരത് സങ്കൽപ്പ് യാത്ര തരിയോട് ഗ്രാമ പഞ്ചായത്തിൽ നടന്നു

**വയനാട്:** വികസിട് ഭാരത് സങ്കല്പ യാത്രക്ക് തരിയോട് ഗ്രാമ പഞ്ചായത്തിൽ തുടക്കമായി , ഗ്രാമപ്പഞ്ചായത് പ്രസിഡന്റ് ശ്രീ ഷിബുഇ ജി ഉദ്ഘാടനംചെയ്ത ചടങ്ങിൽ ലീഡ് ബാങ്ക് മാനേജർ ബിബിൻ മോഹൻ അധ്യക്ഷത വഹിച്ചു . കേരള ഗ്രാമീണ ബാങ്ക് ,കാവുമന്ദം ശാഖാ മാനേജർ ശ്രീമതി ജെസ്സി ദേവസ്സിയ സ്വാഗതം ആശംസിച്ചു .ടി ബോർഡ് ഓഫ് ഇന്ത്യ മെമ്പർ ശ്രീ ഇ പി ശിവദാസൻ ,കേരള ഗ്രാമീണ ബാങ്ക് റീജിയണൽ മാനേജർ സുരേന്ദ്രൻ എന്നിവർ ആശംസകൾ അറിയിച്ചു .രാവിലെ ഫാക്ട് ഉദോഗസ്ഥ ഫാത്തിമ ഹന്നാ , കൃഷി വിജ്ഞാന കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി ശ്രുതി എന്നിവരുടെ സഹായത്തോടെ കർഷകന്റെ വാഴ തോട്ടത്തിൽ ഡ്രോണിന്റെ പ്രവർത്തന രീതികളും നാനോ യൂറിയയുടെ വളപ്രയോഗവും നടത്തി കാണിച്ചു .

കൃഷി ഓഫീസർ പി എം സമ്മാൻ നിധിയെ കുറിച്ചും ആധുനിക കൃഷി രീതികളെ കുറിച്ചും സംസാരിച്ചു . കെ വി കെ അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി ശ്രുതി കൂൺ കൃഷിയെ കുറിച്ചും സോയിൽ പരിശോധനത്തിന്റെ പ്രാധാന്യത്തെ കുറിച്ചും സംസാരിച്ചു .ബാങ്കിലൂടെ നടപ്പാക്കുന്ന സാമൂഹിക ഇൻഷുറൻസ് പെൻഷൻ പദ്ധതികളെ കുറിച്ച് സാമ്പത്തിക സാക്ഷരതാ കൗൺസിലർ ശ്രീ ശശിധരൻ സംസാരിച്ചു . മുദ്ര , പിഎം സ്വനിധി , സ്റ്റാൻഡ് അപ്പ് ഇന്ത്യ , പി എം എഫ് എം ഇ , കിസാൻ ക്രെഡിറ്റ് കാർഡ് തുടങ്ങിയ സ്കീംകളെ കുറിച്ച് ബാങ്ക് അസിസ്റ്റന്റ് മാനേജർ ശ്രീ രാഹുൽ സംസാരിച്ചു . കൂൺ കൃഷി , നെൽ കൃഷി , ഹോട്ടൽ വ്യവസായങ്ങളിൽ മികവ് തെളിയിച്ച കുടുംബശ്രീ പ്രവർത്തകരെ ആദരിച്ചു , മൈക്രോ എടിഎം പ്രവർത്തനത്തെ കുറിച്ച് ഇസാഫ് മാനേജർ ഡോവിന് സംസാരിച്ചു .പിഎം പ്രണാമം സ്കീമിനെ കുറിച്ച് അഗ്രി ഓഫീസർ ഫാത്തിമ്മ ഹന്ന സംസാരിച്ചു , സ്വച്ഛ് ഭാരത് സ്കീമിനെ കുറിച്ചും സംസാരിച്ചു .



# വികസിത ഭാരത് സങ്കൽപ്പ് യാത്ര: കർഷകർക്കായി ഡ്രോൺ പ്രദർശനം നടത്തി

**കാസർഗോഡ് :** കേന്ദ്ര ക്ഷേമ വികസന പദ്ധതികൾ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പരിചയപ്പെടുത്തുന്ന വികസിത ഭാരത് സങ്കല്പ് യാത്ര ജില്ലയിൽ തുടരുന്നു. എന്മകജെ, ബദിയഡുക്ക ഗ്രാമ പഞ്ചായത്തുകളിൽ വിവര വിദ്യാഭ്യാസ വിനിമയ വാഹനത്തിൽവികസന പദ്ധതികൾ സംബന്ധിച്ച ചെറു വീഡിയോകൾ പ്രദർശിപ്പിച്ചു.

എന്മകജെയിൽ നടന്ന യാത്രാ പരിപാടി എന്മകജെ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് സോമശേഖര ജി. എസ്. ഉദ്ഘാടനം ചെയ്തു.

എന്മകജെ, ബദിയഡുക്ക പരിസരത്ത് ഡ്രോൺ ഉപയോഗിച്ച് സൂഷ്മ മൂലക വള പ്രയോഗം നടത്തുന്നതിന്റെ പ്രദർശനം സംഘടിപ്പിച്ചു.പ്രധാനമന്ത്രി ഉജ്വല യോജനയിൽ പെടുത്തി ഗുണഭോക്താക്കൾക്ക് രണ്ട് പഞ്ചായത്തു കളിലും പാചക വാതക കണ്ക്ഷനുകൾ നൽകി.നബാഡ് പ്രതിനിധി ഷാരോൺ വാസ്, എഅഇം പ്രതിനിധി ആദിത്യ, എഫ്. എൽ.സി. (എഘഇ) സാലു സണ്ണി, ജൻ ഔഷതി പ്രതിനിധി എസ്. എൻ. ഭട്ട്, ഹസീന എന്നിവർ കേന്ദ്ര പദ്ധതികളെ കുറിച്ച് സംസാരിച്ചു.

മഞ്ചേശ്വരം കാനറാ ബാങ്ക് മാനേജർ ഗുരുദത്തിന്റെ നേതൃത്വത്തിൽ വികസിത് ഭാരത് പ്രതിജ്ഞ എടുത്തു.

കൃഷി വിജ്ഞാൻ കേന്ദ്ര ശാസ്ത്രജ്ഞൻ ബഞ്ചമിൻ മാത്യം, ലീഡ് ബാങ്ക് മാനേജർ ബിമൽ എൻ വി, പെർള കേരള ബാങ്ക് മാനേജർ അരുണ ബി എന്നിവർ ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

ഇന്ന് (ഡിസംബർ 5) കുമ്പള, മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്തുകളിലാണ് യാത്ര.

# ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് സൗജന്യ പി.എസ്.സി പരിശീലനം

**കൊച്ചി:** സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ ജില്ലയിലെ ആലുവയിൽ പ്രവർത്തിക്കുന്ന മത്സരപരീക്ഷ പരിശീലന കേന്ദ്രം കോച്ചിംഗ് സെൻറർ ഫോർ മൈനോറിറ്റി യൂത്ത് എന്ന സ്ഥാപനത്തിൽ 2024 ജനുവരി 1 ന് ആരംഭിക്കുന്ന പുതിയ റെഗുലർ ഹോളിഡേ ബാച്ചുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്കാണ് 6 മാസം ദൈർഘ്യമുള്ള കോഴ്സുകളിലേക്ക് പ്രവേശനം നൽകുന്നത്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ഡിസംബർ 6 മുതൽ അപേക്ഷ സമർപ്പിക്കാം.
2 ഫോട്ടോ, +2 സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം നേരിട്ടെത്തി അപേക്ഷിക്കുക, അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഡിസംബർ 20, അപേക്ഷ ഫോറത്തിനും വിശദവിവരങ്ങൾക്കും പരിശീലന കേന്ദ്രവുമായി ബന്ധപ്പെടുക. വിലാസം കോച്ചിങ് സെൻറർ ഫോർ മൈനോരിറ്റി യൂത്ത്, രണ്ടാം നില, കരിം എസ്റ്റേറ്റ്, ശ്രീകൃഷ്ണ ക്ഷേത്രത്തിന് സമീപം,ബാങ്ക് ജംഗ്ഷൻ, ആലുവ. 04842621897, 9497380292, 8547732311,ഇമെയിൽ coachingcenteraluva@gmail.com

# മോണ്ടിസ്സോറി, പ്രീ പ്രൈമറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഡിസംബർ മാസം ആരംഭിക്കുന്ന രണ്ടു വർഷം, ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള മോണ്ടിസ്സോറി, പ്രീ പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി/ പ്ലസ് ടു/ എസ് എസ് എൽ സി യോഗ്യതയുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഫോൺ 7994449314.

# ഗ്രോത്ത് പൾസ് നിലവിലുള്ള സംരംഭകർക്കുള്ള പരിശീലനം

**കൊച്ചി:** പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിൻറെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്റ് (കീഡ്), 5 ദിവസത്തെ ഗ്രോത്ത് പൾസ് എന്ന പരിശീലന പരിപാടി (ഗ്രോത്ത് പൾസ്) സംഘടിപ്പിക്കുന്നു.

ഡിസംബർ19 മുതൽ 23 വരെ കളമശ്ശേരിയിൽ ഉള്ള കീഡ് ക്യാമ്പസിൽ വെച്ചാണ് പരിശീലനം സംഘടിപ്പിക്കുന്നത്. നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവർത്തി പരിചയമുള്ള സംരംഭകർക്ക് മാർക്കറ്റിംഗ് സ്ട്രാറ്റജീസ് , ഫിനാ9ഷ്യൽ മാനേജ്മെ9്റ്, ജിഎസ്ടി ആ9റ് ടാക്സേഷ9, ഓപ്പറേഷണൽ എക്സല9സ്, സെയിൽസ് പ്രോസസ് ആ9്റ് ടീം മാനേജ്മെ9്റ് വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

3,540 രൂപ ആണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർറ്റിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ് ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1,000 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ കീഡിന്റെ വെബ്സൈറ്റ് ആയ ൦൦൦.സശലㅁ.കിളീ/ ൽ ഓൺലൈനായി ഡിസംബർ 15ന് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/7012376994

# കുടിശ്ശിക അദാലത്ത് നീട്ടി

**കൊച്ചി:** കേരള ഖാദി ഗ്രാമ വ്യവസായ ബോ4ഡിൽ നിന്നും പാറ്റേൺ / സി.ബി.സി. പദ്ധതിപ്രകാരം വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുടിശ്ശിക തീ4ക്കുന്നതിനായി നിബന്ധനങ്ങൾക്ക് വിധേയമായി പലിശ, പിഴ പലിശ കിഴിവുകളോടെ ഒടുക്കാൻ ഡിസംബർ 30 വരെ നീട്ടിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയം.! ഫോൺ:04844869083.

# ലോക മണ്ണുദിനാചരണം

**കൊച്ചി:** മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ എറണാകുളം ജില്ലയിലെ ലോക മണ്ണ് ദിനാഘോഷങ്ങൾ 2023 ഡിസംബർ അഞ്ച് ചൊവ്വാഴ്ച എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് ഫാർമേഴ്സ് ഹാളിൽ വിവിധ പരിപാടികളോടെ നടത്തും.

രാവിലെ 10.30ന് പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. ജയകുമാറിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ അഡ്വ. അനൂപ് ജേക്കബ് എം.എൽ.എ പരിപാടി ഉദ്ഘാടനം ചെയ്യും.

മണ്ണിന്റെ ഫലഭൂയിഷ്ഠി നിർണയിച്ച് പരിഹാരമാർഗ്ഗങ്ങളും ശുപാർശകളും രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡ് ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് കർഷകർക്ക് വിതരണം ചെയ്യും. ഗ്രാമപഞ്ചായത്തിലെ യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ ചിത്രരചനാ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാജി മാധവൻ നിർവഹിക്കും. ചടങ്ങിൽ പഞ്ചായത്തിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയ ഉത്തമ കർഷകന് ആദരവും മണ്ണിന്റെ ആരോഗ്യ പരിപാലനം എന്ന വിഷയത്തിൽ ചർച്ചാ ക്ലാസ്സും, സൗജന്യ പച്ചക്കറി വിത്ത് വിതരണവും ഉണ്ടായിരിക്കും.

# ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ

**തിരുവനന്തപുരം:** എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ 40 ശതമാനത്തിൽ കൂടുതൽ വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് സൗജന്യമായി നടത്തുന്ന ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷാഫോം സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ പൂജപ്പുര ഓഫീസിൽ നിന്ന് നേരിട്ടും ceds.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കും.

പൂരിപ്പിച്ച അപേക്ഷാഫോറം ഡിസംബർ 12 നു മുമ്പായി സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ പൂജപ്പുര ഓഫീസിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2345627, 8289827857




**കൊച്ചി ലുലു മാളിൽ വെച്ച് നടന്ന ലുലു ബ്യൂട്ടി ഫെസ്റ്റിലെ ജേതാക്കൾ അതിഥികളും, വിധികർത്താക്കളുമൊപ്പം**

# വർണാഭമായി ലുലു ബ്യൂട്ടിഫെസ്റ്റിന് സമാപനം

## സാന്ദ്ര ഫ്രാൻസിസ് ലുലു ബ്യൂട്ടി ക്വീൻ, അമൽ ഗോവിന്ദ് മാൻ ഓഫ് ദി ഇയർ

**കൊച്ചി :** ഫാഷൻ ലോകത്തെ പുത്തൻ ട്രെൻഡുകൾ അരങ്ങിലെത്തിക്കുകയും, ഫാഷൻ രംഗത്തെ നവാഗതകർക്ക് പ്രചോദനമേകുകയും ചെയ്യുന്ന സൗത്ത് ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ ലുലു ബ്യൂട്ടി ഫെസ്റ്റിൽ തൃശ്ശൂർ സ്വദേശിനി സാന്ദ്ര ഫ്രാൻസിസ് ലുലു ബ്യൂട്ടി ക്വീനും, അമൽ ഗോവിന്ദ് മാൻ ഓഫ് ദി ഇയർ പുരസ്കാരവും നേടി.

കൊച്ചി ലുലു മാളിൽ നടന്ന വർണ്ണാഭമായ മത്സരത്തിൽ ഫൈനൽ റൗണ്ടിൽ എത്തിയ 20 മത്സരാർത്ഥികളെ പിൻതള്ളിയാണ് ഇരുവരും കിരീടം ചൂടിയത്. വിജയിച്ചവർക്ക് ഒരു ലക്ഷം രൂപ സമ്മാനവും ഫലകവും, സർട്ടിഫിക്കറ്റും സിനിമാ താരങ്ങളായ അജ്മൽ അമീറും, അതിഥി രവിയും സമ്മാനിച്ചു.

മിസ് വിഭാഗത്തിൽ കൊച്ചി സ്വദേശിനി സിൻന്ത പടമാടൻ രണ്ടാം സ്ഥാനവും, തൃശ്ശൂർ കുന്നംകുളം സ്വദേശി മാളവിക ആർ ദേവ് മൂന്നാം സ്ഥാനവും നേടി. മിനിസ്റ്റർ വിഭാഗത്തിൽ ഫോർട്ട് കൊച്ചി സ്വദേശി അർഫാസ് ഷാൻ രണ്ടാം സ്ഥാനവും, കോട്ടയം ഏറ്റുമാനൂർ സ്വദേശി അരുൺ പ്രിൻസ് മൂന്നാം സ്ഥാനവും നേടി. പതിനായിരവും രൂപയും ഫലകവും സർട്ടിഫിക്കറ്റുമാണ് രണ്ടും, മൂന്നും സ്ഥാനം നേടിയവർക്ക് സമ്മാനമായി നൽകിയത്.

കഴിഞ്ഞ ഏഴ് ദിവസങ്ങളിലായി ആയിരക്കണക്കിന് മത്സരാർത്ഥികളിൽ പങ്കെടുത്തതിൽ നിന്നും മികച്ച പ്രകടനം നടത്തിയ 20 പേരാണ് ഫൈനൽ റൗണ്ടിൽ എത്തിയത്.

നടനും മോഡലുമായ ജോൺ കൈപ്പള്ളിൽ , ഫാഷൻ ഡിസൈനൽ ആനൂ , മേക്ക് ഓവർ ആർട്ടിസ്റ്റ് സ്വാതി കുഞ്ചൻ എന്നിവരുടെ നേതൃത്വത്തിലുള്ള ജഡ്ജിംഗ് പാനൽ മൂന്ന് റൗണ്ടുകളിൽ മികച്ച പ്രകടനം നടത്തിയവരെയാണ് വിജയികളായി തിരഞ്ഞെടുത്തത്. നിറഞ്ഞു കവിഞ്ഞ പുരുഷാരത്തെ സാക്ഷി നിർത്തി വിജയികൾക്ക് കീരീടം സമ്മാനിച്ചപ്പോൾ കൊച്ചിയിലെ ഫാഷൻ രംഗത്തിന് നവ തരംഗമായി.

ലുലു ഗ്രൂപ്പ് കൊമേഴ്ഷ്യൽ മാനേജർ സാദിക് കാസിം, ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ സുധീഷ് നായർ, ലുലു ഗ്രൂപ്പ് ഇന്ത്യ ബൈയിംഗ് ഹൈഡ് ദാസ് ദാമോദരൻ, ഹൈപ്പർമാർക്കറ്റ് ഡെപ്യൂട്ടി ജനറൽ മാനേജർ ജോ പൈനേടത്ത്, ഹൈപ്പർമാർക്കറ്റ് ബൈയിംഗ് മാനേജർ ഷക്കീർ ഹമീദ്, ലുലു മാൾ ഓപ്പറേഷൻ മാനേജർ ഒ. സുകുമാർ, ഹെൽത്ത് ആന്റ് ബ്യൂട്ടി ബൈയർ രേഖ സുബിൻ, തുടങ്ങിയവർ പങ്കെടുത്തു.

ഡൽഹിയിൽ സ്ഥിരതാമസമാക്കിയ തൃശ്ശൂർ കുട്ടനല്ലൂർ സ്വദേശിനിയായ സാന്ദ്ര തോമസ് ഡൽഹിയിൽ ഓഡിറ്റിംഗ് മേഖലയിൽ പ്രവർത്തിച്ചു വരുന്നു. കൊച്ചി സ്വദേശിനിയായ സിൻദ പടമാടൻ പഠന ശേഷം ഫ്രീലാൻസ് മോഡലിംഗ് ചെയ്യവെയാണ് ഷോയിൽ പങ്കെടുത്ത് രണ്ടാം സ്ഥാനം നേടിയത്.

ഡൽഹിയിലെ പി. ആർ ഏജൻസിയിൽ ജോലി നോക്കുന്ന തൃശ്ശൂർ കുന്നംകുളം സ്വദേശിനിയായ മാളവിക ആർ ദേവ് സ്കൂൾ കലോത്സവത്തിലെ പ്രതിഭയായിരുന്നു.

കൊല്ലം കരുനാഗപ്പള്ളി സ്വദേശിയായ അമൽ ഗോവിന്ദ് കോളേജ് പഠനത്തിന് ശേഷമുള്ള ഇടവേളയിൽ പങ്കെടുത്ത ആദ്യ ഷോയിൽ തന്നെയാണ് വിജയിയായത്. ഫോർട്ട് കൊച്ചി സ്വദേശിയായ അർഫാസ് ഷാൻ സ്വകാര്യ ധനമിപാട് സ്ഥാപനത്തിലെ ജോലി ഉപേക്ഷിച്ചാണ് ഫാഷൻ , മോഡലിംഗ് രംഗത്ത് എത്തിയത് ആദ്യ ഷോയിൽ തന്നെ രണ്ടാം സ്ഥാനം നേടുകയും ചെയ്തു. മൂന്നാം സ്ഥാനം നേടിയ അരുൺ പ്രിൻസ് കോട്ടയം ഏറ്റുമാനൂർ സ്വദേശിയാണ്. പഠനത്തിന് ശേഷം മോഡലിംഗ് രംഗത്ത് സജീവമായിക്കെയാണ് ആദ്യ ഷോയിൽ തന്നെ മൂന്നാം സ്ഥാനം നേടിയത്.

ലോറീയൽ, ഗാർണിയർ തുടങ്ങിയ മുൻനിര ഫാഷൻ ബ്രാൻഡുകളുമായി സഹകരിച്ചാണ് ഫെസ്റ്റ് നടന്നത്.

# കേരളത്തിന്റെ പ്രതിശീർഷ വരുമാനത്തിൽ വൻ വർധനയെന്ന് മുഖ്യമന്ത്രി

**തൃശൂർ:** കേരളത്തിന്റെ പ്രതിശീർഷ വരുമാനത്തിൽ ഉണ്ടായിട്ടുള്ളത് വൻ വർധനയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ചെറുതുരുത്തി ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ ചേലക്കര നിയോജകമണ്ഡലം നവകേരള സദസ്സിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. തനത് വരുമാനം, പ്രതിശീർഷ വരുമാനം, ആഭ്യന്തര വരുമാനം എന്നിവ വർദ്ധിപ്പിക്കാൻ കഴിഞ്ഞ അഞ്ച് സംസ്ഥാനങ്ങളിലൊന്നാകാൻ കേരളത്തിന് കഴിഞ്ഞു. ഐക്യത്തോടെ ഒരുമിക്കുന്ന നാടാണ് കേരളം. നാടാകെ നിരാശയിലാണ്ട സമയത്താന് 2016 ൽ സർക്കാർ അധികാരത്തിൽ വന്നത്. പിന്നീട് സമസ്ത മേഖലയിലും സർക്കാർ നടത്തിയ പ്രവർത്തനങ്ങളിലൂടെ മുന്നേറാനായി. ഓഖി, കോവിഡ്, നിപ, കാലവർഷക്കെടുതി തുടങ്ങി നിരവധി പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ ജനങ്ങൾ സർക്കാരിനൊപ്പം ഒരുമിച്ച് നിന്ന് പ്രവർത്തിച്ചു.

നമ്മുടെ ഐക്യത്തേയും മാതൃകാപരമായ നേട്ടങ്ങളെയും രാജ്യവും ലോകവും അത്ഭുതത്തോടെ നോക്കിക്കണ്ടു. പിണറായി വിജയൻ പറഞ്ഞു.



# അഭിമാനക്കാഴ്ചയായി നാവികസേന അഭ്യാസം

**കൊച്ചി:** ഇന്ത്യൻ സേനയുടെ അഭിമാന സ്മരണകളിൽ കൊച്ചിയിൽ നാവികദിനം ആഘോഷിച്ചു. രാജേന്ദ്ര മൈതാനത്തിനു സമീപം കായലിൽ നടന്ന നാവികസേനയുടെ അഭ്യാസപ്രകടനം വിസ്മയക്കാഴ്ചയായി. സേനയുടെ കപ്പലുകൾ, വിമാനങ്ങൾ തുടങ്ങിയവയുടെ പ്രദർശനവും നടന്നു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയായി. ദക്ഷിണ നാവിക ആസ്ഥാനം മേധാവി വൈസ് അഡ്മിറൽ എം.എ. ഹംബിഹോളി സംസാരിച്ചു.

മറൈൻ കമാൻഡോകളുടെ നിരീക്ഷണ, ആക്രമണ രീതികൾ കാണികൾക്ക് കൗതുകമായി. സീ കേഡറ്റ് കോർപ്സിൻറെ (എസ്സിസി) ഹോൺ പൈപ്പ് നൃത്തവും സേനാംഗങ്ങളുടെ അഭ്യാസപ്രകടനങ്ങളും കാണികളിൽ ആവേശമുണർത്തി. വിവിധോദ്ദേശ്യ ഹെലികോപ്റ്ററായ എംഎച്ച് 60 ആർ പ്രകടനത്തിൽ അണിനിരന്നു. ഡോണിയർ, ചേതക് ഹെലികോപ്റ്ററുകളും അണിനിരന്നു. ഗൺ സല്യൂട്ട്, ചേതക് ഹെലികോപ്റ്റർ ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനം എന്നിവയും അവതരിപ്പിച്ചു. നേവൽ ബാൻഡിൻറെ അകമ്പടിയോടെ സേനാ കപ്പലുകൾ ഒരുക്കിയ ദീപക്കാഴ്ചകളോടെയാണ് പരിപാടി സമാപിച്ചത്.

1971 ലെ ഇന്ത്യ പാക് യുദ്ധത്തിൽ ഇന്ത്യൻ നാവികസേനാ കപ്പലുകൾ കറാച്ചി തുറമുഖത്ത് നടത്തിയ വിജയകരമായ ആക്രമണത്തിൻറെ സ്മരണാർഥമാണ് നാവികദിനാഘോഷം സംഘടിപ്പിക്കുന്നത്.

# വികസന പദ്ധതികൾ ജനകീയമാക്കുകയാണ് സർക്കാർ ലക്ഷ്യം: മന്ത്രി റോഷി അഗസ്റ്റിൻ

**ഇടുക്കി:** ജനങ്ങളുടെ ആവലാതികൾ പരിഹരിച്ച് വികസന പദ്ധതികൾ ജനകീയമാക്കുകയുമാണ് സർക്കാർ ലക്ഷ്യമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. കുന്നംകുളം ചെറുവത്തൂർ ഗ്രൗണ്ടിൽ നടന്ന നവകേരള സദസ്സിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

എല്ലാ കുടുംബങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനായി ജലജീവൻ മിഷൻ പ്രവർത്തനം കാര്യക്ഷമമായി നടക്കുകയാണ്. ഈ പദ്ധതി വഴി 36 ലക്ഷം വീടുകളിൽ വെള്ളമെത്തിക്കാൻ കഴിഞ്ഞു. ജില്ലയിൽ 4012 കോടി രൂപയുടെ കുടിവെള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കിയതെന്നും മന്ത്രി പറഞ്ഞു.

സമൂഹത്തിൽ സമസ്ഥ മേഖലയിലും വികസനങ്ങൾ നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞു. പൊതു വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റം ശ്രദ്ധേയമാണ്. വിദ്യാഭാസ രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അക്കാദമിക് നിലവാരം ഉയർത്താനും കഴിഞ്ഞു. സർവ്വകലാശാലകളും കോളേജുകളുമെല്ലാം മികവിന്റെ കേന്ദ്രങ്ങളായി. വിദേശത്ത് നിന്ന് വിദ്യാർത്ഥികൾ കേരളത്തിൽ വന്ന് പഠിക്കുന്ന സാഹചര്യങ്ങൾ ഒരുക്കുകയാണ്. പഠനത്തിനും ഗവേഷണത്തിനും സർവ്വകലാശാലകൾ ഉയരുകയാണ്.

ആരോഗ്യ രംഗത്തും പശ്ചാത്തല വികസനത്തിലും കേരളം മാതൃകയാണെന്നും മന്ത്രി പറഞ്ഞു. കേരളത്തിന് പുത്തൻ അനുഭവങ്ങൾ സമ്മാനിച്ച് നവകേള സദസ്സ് മുന്നേറുകയാണ്. നാടിനോട് ചേർന്ന് നിൽക്കുന്ന ജനങ്ങളുടെ വികാരമാണ് നവകേരള സദസ്സിൽ കാണാനാകുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# ക്ഷീരോൽപാദന മേഖലയിൽ കേരളം സ്വയം പര്യാപ്തതയിലേക്ക്: മന്ത്രി ചിഞ്ചു റാണി

**തൃശൂർ:** ക്ഷീരോൽപാദന രംഗത്ത് കേരളത്തിന് സ്വയം പര്യാപ്തത കൈവരികയാണെന്നും അടുത്തവർഷത്തോടുകൂടി നൂറു ശതമാനം ആക്കാൻ സാധിക്കുമെന്ന പ്രതീക്ഷ ഉണ്ടെന്നും മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി. കുന്നംകുളത്തെ നവകേരള സദസ്സിൽ സംസാരിക്കുകയായിരുന്നു മന്ത്രി. രാജ്യത്തിന്റെ പാൽ ഉത്പാദനക്ഷമതയിൽ കേരളം രണ്ടാം സ്ഥാനത്താണ്. ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിന് വേണ്ടി പലിശ രഹിത വായ്പ സംവിധാനങ്ങൾ ഒരുക്കി. മൃഗങ്ങളെ ആശുപത്രിയിൽ എത്തിക്കുന്നതിന് ആംബുലൻസ് സൗകര്യം എല്ലാ ബ്ലോക്കുകളിലും നൽകും. ആദ്യഘട്ടമായി 29 ബ്ലോക്കുകളിൽ നൽകിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സാധാരണ ജനങ്ങൾ പങ്കെടുക്കുന്ന സദസാണ് നവകേരള സദസ്സ്. കേരളം നടപ്പിലാക്കിയ വികസനക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളുടെ മുൻപിലേക്ക് എത്തിക്കുക എന്ന വലിയ ഉത്തരവാദിതത്തോടെയാണ് മന്ത്രിസഭ നവകേരള സദസ്സിൽ പങ്കെടുക്കുന്നത്.

എല്ലാം മേഖലയിലും സമഗ്രമായ മാറ്റം കൈവരിക്കാൻ ഗവണ്മെന്റിന് സാധിച്ചു. എല്ലാ മാറ്റങ്ങളും ലോകോത്തര നിലവാരത്തിലേക്ക് എത്തിക്കാനും സാധിച്ചു. ദാരിദ്രരേഖ പരിശോധിക്കുമ്പോൾ ഏറ്റവും കുറഞ്ഞ ദരിദ്രർ ഉള്ള സംസ്ഥാനമാണ് കേരളം. അവരുടെ ഉന്നമനത്തിനായി വ്യത്യസ്തമാർന്ന പദ്ധതികളാണ് സർക്കാർ മുന്നോട്ട് വെക്കുന്നത്. അതി ദരിദ്രരുടെ ലിസ്റ്റ് തയ്യാറാക്കുകയും അവരെ ഉയർത്തി കൊണ്ടുവരാൻ സമസ്ത മേഖലകളിലും ഒരുപാട് പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാക്കുവാൻ ഉതകുന്ന തരത്തിലാണ് കേരളത്തിന്റെ ഇന്നത്തെ പ്രവൃത്തികൾ.

കോവിഡ് മഹാമാരിയിൽ സർക്കാരും ആരോഗ്യ വിഭാഗവും എല്ലാവരും കൂടി ഒന്നിച്ചു പ്രവർത്തിച്ചപ്പോൾ മരണ സംഖ്യ കുറയ്ക്കാനും മഹാമാരിയെ നിയന്ത്രിക്കാനും സാധിച്ചു. ആ കാലഘട്ടത്തിൽ തന്നെ വിദ്യാഭ്യാസ മേഖലയിലും വലിയ നേട്ടമാണ് ഉണ്ടായത്. ഇന്ത്യയിൽ തന്നെ മാതൃകയാക്കാവുന്ന ഓൺലൈൻ വിദ്യാഭ്യാസം ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണെന്നും മന്ത്രി പറഞ്ഞു.

